# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2397** | **07.10.2016 ൽ മറുപടിക്ക്**

## കൃഷിഭവൻ വഴി പച്ചത്തേങ്ങ സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോജി എം. ജോൺ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) കൃഷിഭവൻ വഴി സംഭരിക്കുന്ന പച്ചത്തേങ്ങയ്ക്ക് ഒരു കിലോയ്ക്ക് എത്ര രൂപയാണ് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത്; | (എ) 25 രൂപ |
| (ബി) മുൻസർക്കാരിന്റെ കാലത്ത് 2016 ജനുവരി - ഫെബ്രുവരി മാസത്തിൽ ഒരു കിലോ പച്ചത്തേങ്ങ എന്തു വിലയ്ക്കാണ് സംഭരിച്ചത്; | (ബി) 25 രൂപ |
| (സി) മുൻകാലങ്ങളിൽ 45 ദിവസത്തിൽ ഒരിക്കൽ ശേഖരിച്ചിരുന്ന നാളികേരം ഇപ്പോൾ നാലുമാസത്തിൽ ഒരിക്കൽപോലും ശേഖരിക്കാത്തത് എന്തുകൊണ്ടാണ്; | (സി) നാളികേര സംഭരണം മുടക്കമില്ലാതെ തുടർന്നു വരുന്നു. എന്നാൽ അപൂർവ്വം ചിലയിടങ്ങളിൽ പച്ചത്തേങ്ങ കൊപ്രയാക്കി മാറ്റുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതിയും, ശേഖരിക്കാൻ കഴിയുന്നതിൽ കൂടുതലായ ഉൽപ്പാദനവും മൂലം സംഭരണത്തിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്. കൃഷി ഭവൻ വഴി സംഭരിക്കുന്ന പച്ചത്തേങ്ങ വില കിലോഗ്രാമിന് 27 രൂപയായി വർദ്ധിപ്പിക്കുന്നതിനും നാളികേരസംഭരണം 500 കൃഷി ഭവനുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. |
| (ഡി) പച്ചത്തേങ്ങ സംഭരിച്ച വകയിൽ കർഷകർക്ക് എത്ര കോടി രൂപ കുടിശ്ശിക നൽകാനുണ്ട്; ഈ കുടിശ്ശിക അടിയന്തരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) 77.81 കോടി രൂപ കുടിശ്ശികയായുണ്ട്. നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ